61/10/ധന ഉത്തരവ് പ്രകാരം അവിടെ പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിക്കാനോ നിലവിലുള്ള കാഷ്വൽ സ്വീപ്പറെ സ്ഥിരപ്പെടുത്തുവാനോ നിർവ്വാഹമില്ല.

(ഇ&എച്ച്) തുടർച്ചാനുമതിയുള്ള ഓഫീസുകളിലെ ജീവനക്കാർ താൽക്കാലിക ജീവനക്കാരല്ല. അവർ റവന്യൂ വകുപ്പിലെ സ്ഥിരം ജീവനക്കാരാണ്. ആഫീസിന് തുടർച്ചാനുമതി നൽകുന്നതോടൊപ്പം ടി ഓഫീസിലെ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾക്ക് കൂടി തുടർച്ചാനുമതി നൽകുകയാണ് ചെയ്യുന്നത്. ടി ഓഫീസുകളിൽ പാർട്ട് ടൈം സ്വീപ്പർമാരുടെ തസ്തിക സൃഷ്ടിക്കുന്നതും കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നതും ധനകാര്യവകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ്. അമ്പലപ്പുഴ റവന്യൂ റിക്കവറി സ്പെഷ്യൽ തഹസിൽദാർ ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ആർ. രമണിയെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുകയുണ്ടായി. 9-2-2010-ലെ ജി.ഒ.(പി)നമ്പർ 61/10/ധന ഉത്തരവ് പ്രകാരം അമ്പലപ്പുഴ റവന്യൂ റിക്കവറി സ്പെഷ്യൽ തഹസിൽദാർ ഓഫീസ് ഒരു താൽക്കാലിക ഓഫീസ് ആയതിനാൽ അവിടെ പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിക്കുവാനോ, കാഷ്വൽ സ്വീപ്പറെ സ്ഥിരപ്പെടുത്തുവാനോ നിർവ്വാഹമില്ല. എന്നാൽ ശ്രീമതി ആർ. രമണിക്ക് മേൽ ഉത്തരവിലെ നിബന്ധനകൾ പ്രകാരം പാർട്ട് ടൈം സ്വീപ്പറുടെ നിരക്കിലുള്ള ശമ്പളം അനുവദിക്കുന്നതിന് അനുമതി നൽകി 5-6-2010-ലെ ജി.ഒ.(ആർറ്റി.) നമ്പർ 2682/10/ആർ.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്.

വില്ലേജ് ഓഫീസുകളുടെ രൂപീകരണത്തിനായി ചെലവഴിച്ച തുക

131(821) ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം വില്ലേജ് ഓഫീസുകൾക്ക് എന്തെല്ലാം പ്രവൃത്തികൾക്കാണ് തുക വിനിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 21,66,275 രൂപ.

(ബി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.*

വില്ലേജ് ഓഫീസ് വിഭജനം

132(822) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ മണ്ഡലത്തിലെ പത്തനാപുരം താലൂക്കിൽപ്പെട്ട ഏറ്റവും തിരക്ക് കൂടിയ അഞ്ചൽ പഞ്ചായത്തിൽ ഒറ്റ വില്ലേജ് ഓഫീസ് മാത്രമേ ഉള്ളുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അഞ്ചൽ പഞ്ചായത്തിലെ വില്ലേജ് ഓഫീസ് രണ്ട് വില്ലേജ് ഓഫീസുകളായി വിഭജിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ജനസംഖ്യ, ഭൂവിസ്തൃതി, നിലവിലുള്ള ത്രിതല പഞ്ചായത്ത് സംവിധാനം, പിന്നോക്കാവസ്ഥ, സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത അനുബന്ധ പ്രശ്നങ്ങൾ എന്നിവ പരിശോധിച്ച് മാത്രമേ അഞ്ചൽ ഉൾപ്പെടെയുള്ള വില്ലേജുകളുടെ വിഭജന കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

താലൂക്ക് വിഭജനം

133(823) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്കുകൾ വിഭജിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും കമ്മീഷനെ നിയമിച്ചിരുന്നോ ;

(ബി) ഉണ്ടെങ്കിൽ കമ്മീഷൻ റിപ്പോർട്ടിൽ ഏതെല്ലാം താലൂക്കുകൾ വിഭജിക്കണമെന്ന നിർദ്ദേശമാണ് നൽകിയിരിക്കുന്നത് ;

(സി) 15 ലക്ഷത്തിലധികം ജനസംഖ്യയുള്ള എത്ര താലൂക്കുകളാണുള്ളത് ; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) അമ്പതിലധികം വില്ലേജുകളുള്ള എത്ര താലൂക്കുകളാണ് നിലവിലുള്ളത് ; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഇ) കോഴിക്കോട് താലൂക്ക് വിഭജിച്ച് കൊടുവള്ളി ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ ;

(എഫ്) ഈ സാമ്പത്തിക വർഷത്തിൽ തന്നെ കൊടുവള്ളി ആസ്ഥാനമായി താലൂക്ക് രൂപീകരിക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിന്മേൽ ഉണ്ടായ നടപടിക്രമങ്ങൾ ഏതുവരെയെത്തി എന്നു വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. താലൂക്ക്-വില്ലേജ് പുനഃസംഘടന സംബന്ധിച്ച് നിയമിച്ച ബാബുപോൾ കമ്മീഷൻ, എം.ജി.കെ. മൂർത്തി കമ്മീഷൻ, എസ്. സുന്ദരേശൻ കമ്മീഷൻ, കെ. ജെ. അൽഫോൺസ് കമ്മീഷൻ എന്നീ കമ്മീഷനുകൾക്ക് യഥാസമയം റിപ്പോർട്ട് സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) ഒന്ന് കോഴിക്കോട് താലൂക്ക് (16,62,841)

LIBRARY ARCHIVES Kerala Legislative Assembly